**"ഭരണഭാഷ - മാതൃഭാഷ"**

നമ്പർ എസ്3(എ)–39251/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം,
തീയതി: 06.06.2014.

**സർക്കുലർ**

വിഷയം:– 2014–15 അധ്യയനവർഷത്തെ 6–ാം പ്രവർത്തി ദിനത്തിലെ ഹാജർ പട്ടിക പ്രകാരമുള്ള റിപ്പോർട്ട് ശേഖരിക്കുന്നത് സംബന്ധിച്ച്:–

സൂചന:– IT @ School –ൽ നിന്നുള്ള അറിയിപ്പ്.

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയും ആറാം പ്രവർത്തിദിന വിവരശേഖരണം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഈ വർഷം ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം കൂടി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി സ്കൂളുകൾ www.itschool.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് സമ്പൂർണ്ണ സോഫ്റ്റ് വെയറിന്റെ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ ആറാം പ്രവർത്തിദിന വിവരശേഖരണത്തിനുള്ള പ്രൊഫോർമ ലഭ്യമാകും. ഇതിൽ സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ എണ്ണം പ്രൊഫോർമയിൽ കാണാവുന്നതാണ്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ പ്രൊഫോർമയിൽ തന്നെ ഓൺലൈനായി തിരുത്തി പ്രിന്റ് എടുത്ത് വെരിഫൈ ചെയ്ത ശേഷം confirm ചെയ്യേണ്ടതാണ്. ആറാം പ്രവർത്തിദിനത്തിൽ ഏതെങ്കിലും കാരണവശാൽ ഓൺലൈനായി ചെയ്യാൻ പറ്റാത്തവർ പ്രൊഫർമയിൽ വിവരങ്ങൾ മാന്വൽ ആയി രേഖപ്പെടുത്തി അതത് വിദ്യാഭ്യാസ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. തുടർന്ന് ഈ വിവരം ഓൺലൈനായും രേഖപ്പെടുത്തേണ്ടതാണ്.

ഡി.ഇ.ഒ, എ.ഇ.ഒ തലങ്ങളിൽ ഉള്ളവർക്ക് സമ്പൂർണ്ണ പാസ് വേർഡ് ഉപയോഗിച്ച് ലോഗ് ഇൻ ചെയ്താൽ അതത് വിദ്യാഭ്യാസ ഓഫീസിൻ കീഴിലുള്ള സ്കൂളുകളുടെ ആറാം പ്രവർത്തിദിന കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാകുന്നതാണ്. ഓൺ ലൈൻ മുഖാന്തിരം ചെയ്യാൻ കഴിയാത്ത സ്കൂളുകളുടെ വിവരം കൺസോളിഡേഷൻ ലിസ്റ്റിൽ ചേർക്കേണ്ടതാണ്. വിദ്യാഭ്യാസ തലത്തിൽ കൺസോളിഡേഷൻ പ്രിന്റ് എടുത്ത് മേൽ ഓഫീസുകളിലേയ്ക്ക് അയക്കേണ്ടതാണ്.

Emailed all DDE, DEO & AEO 7/6/2014

**അഡീഷണൽ ഡയറക്ടർ പബ്ലിക് ഇൻസ്ട്രക്ഷൻ(ജനറൽ)**

പകർപ്പ്:–

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
2. എല്ലാ ഡിസ്ട്രക് എഡ്യൂക്കേഷൻ ഓഫീസർമാർക്കും,
3. എല്ലാ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർമാർക്കും.